**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** **15-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖവികസനത്തോടനുബന്ധിച്ച് സാമൂഹ്യക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിനായി വിഴിഞ്ഞം തുറമുഖവികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം തന്നെ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തു കയുണ്ടായി. ടി കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി നാളിതുവരെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ യുള്ള ആകെ 2702 പദ്ധതി ബാധിതർക്ക് 107.14 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെ തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ -VISL - കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രാദേശിക ജനവിഭാഗങ്ങളിൽ ജീവനോപാധി നഷ്ടമായവർക്കുള്ള നഷ്ടപരിഹാര വിതരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിവരിക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പി ത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാര മായി ആളൊന്നിന് **12,50,000/-** രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് **2,00,000/-** രൂപയും |

| | | | |
|---|---|---|---|
| | | | ചിപ്പിക്കച്ചവടക്കാർക്ക് **1,00,000/-** രൂപയും വീതം **262** പേർക്ക് **12.36** കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി **916** പേർക്ക് **54.92** കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് **4,20,000/-** രൂപ വീതം **48** പേർക്ക് **2.02** കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് **1,00,000/-** രൂപ വീതം **11** പേർക്ക് **00.11** കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ **1221** മത്സ്യത്തൊഴിലാളികൾക്ക് **31.57** കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ **211** പേർക്ക് **6.08** കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ **33** പേർക്ക് **0.08** കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി **107.14** കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. |
| (സി) | ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിഴിഞ്ഞം പദ്ധതിപ്രദേശത്തെ ജനങ്ങൾക്ക് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | **<u>ആരോഗ്യം</u>**<br><br>നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്റ്റാഫുകളെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, പ്രദേശ വാസികൾക്ക് ഉതകത്തക്കവിധത്തിൽ കോട്ടപ്പുറം ആരോഗ്യ ഉപകേന്ദ്രത്തിനോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചു കഴിഞ്ഞു.<br><br>ഇതിനു പുറമേ വൃദ്ധജനങ്ങളുടെ സംരക്ഷണ ത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനു മായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>നൈപുണ്യ പരിശീലന കേന്ദ്രം (ASAP)</u>**<br><br>തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ യോഗ്യരായ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്. തുറമുഖ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വ്യവസായ സംരംഭങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിൽ ലഭ്യതയിൽ വൻ വർദ്ധനവുണ്ടാവുകയും ചെയ്യും.<br><br>വിവിധ തൊഴിലുകളിൽ തൊഴിലന്വേഷക രുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതുമാണ്. ട്രക്ക് ഓപ്പറേറ്റർ തസ്തികയിൽ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ 17 പേർക്കും ലാസ്കർ തസ്തികയിൽ കോഴ്സ് പൂർത്തിയാക്കിയ 24 പേർക്കും തുറമുഖത്തിൽ ജോലി നൽകിയിട്ടുണ്ട്. കൂടാതെ, തുറമുഖത്തിലേക്കായി ട്രക്ക് ഓപ്പറേറ്റർ കോഴ്സിന്റെ അടുത്ത ബാച്ചിലേക്കുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോഴ്സ് ഉടൻ ആരംഭിക്കുന്നതാണ്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് (നഴ്സിംഗ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നീ കോഴ്സുകൾ ASAP ൽ നടത്തി വരുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ള മറ്റനവധി കോഴ്സുകൾ നടപ്പിലാക്കുന്നത് ASAP പരിഗണിച്ചു വരുന്നുണ്ട്.<br><br>ഫിഷറീസ് വകുപ്പിന്റെ കീഴിൽ പദ്ധതി പ്രദേശത്ത് സ്കൂളുകളിൽ വിദ്യാതീരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ശുദ്ധജല വിതരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായുള്ള പദ്ധതികൾ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തെ കുടിവെള്ള വിതരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**<u>കുടിവെള്ള പദ്ധതി</u>**<br><br>തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിന്റെ പ്ലാന്റിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ൽപ്പരം) ജല വിതരണ കണക്ഷൻ |

| | | | |
|---|---|---|---|
| | | | നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന വീട്ടുകളുടെ സർവ്വേ നടത്തി കണക്ഷനുകൾ നൽകുന്നതിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നുണ്ട്.<br><br>**<u>ഖരമാലിന്യ സംസ്കരണ കേന്ദ്രം (MRF)</u>**<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയു മായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്തെ അജൈവ ഖര മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻറർ (MRF) സ്ഥാപിക്കുന്നതാണ്. HED യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് MRF സ്ഥാപിക്കുന്നതിനായി 1.04 കോടി രൂപയുടെ പദ്ധതി SEUF ഉം ക്ലീൻ കേരള കമ്പനിയും ചേർന്ന് തയ്യാറാക്കുകയും ആയതിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലുമാണ്. MRF നിർമ്മിക്കുന്നതിനായുള്ള തുക VISL ഉം AVPPL ഉം തുല്യമായാണ് ചെലവിടുന്നത്. MRF ന്റെ പരിപാലന ചുമതല തിരുവനന്തപുരം കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്. ടി ഖരമാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതോടു കൂടി വിഴിഞ്ഞം പ്രദേശത്തെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## I) ജീവനോപാധി നഷ്ടപരിഹാരം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 48 പേർക്ക് 2.02 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 107.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.

## II) ആരോഗ്യം

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും സ്റ്റാഫുകളെ നിയമിക്കുകയും ചെയ്താൽ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## III) വിദ്യാഭ്യാസം

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകി വരുന്നുണ്ട്.

**IV) കുടിവെള്ളം**

തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിൻറെ പ്ലാന്റിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീട്ടുകളിലും (1000 ൽപ്പരം) ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ചുരുക്കം വീട്ടുകളുടെ സർവ്വേ നടത്തി എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കി കണക്ഷനുകൾ നൽകി വരുന്നു.

**V) ശുചിത്വം**

പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL ന്റെയും AVPPL ന്റെയും ചെലവിൽ ഒരു അജൈവ ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പിലാക്കി വരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർ പരിപാലനത്തിനും നടത്തുന്നതാണ്. ഖര മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**VI) പാർപ്പിടം**

കോട്ടപ്പുറം പ്രദേശത്ത് ഭവന രഹിതരായ 1026 ൽപ്പരം ആളുകൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകുവാനായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. LIFE പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞാൽ ടി 1026 പേർക്ക് മുൻഗണന നൽകി ഭവനങ്ങൾ വിതരണം ചെയ്യുന്നതാണ്.

**VII) മണ്ണെണ്ണ വിതരണം**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും പുറപ്പെടുന്ന യന്ത്രവൽകൃത യാനങ്ങൾക്ക് നിർമ്മാണ കാലയളവിൽ പുലിമുട്ട് ചുറ്റിപ്പോകേണ്ട സാഹചര്യം പരിഗണിച്ച് എഞ്ചിൻ ശേഷിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം 2 വർഷത്തേക്ക് അനുവദിച്ച മണ്ണെണ്ണ വിതരണം ഒരു വർഷത്തേക്ക് കൂടി വർദ്ധിപ്പിച്ച് മത്സ്യഫെഡ് മുഖേന നടത്തി വരുന്നു. പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ നാലാമത് ഒരു വർഷത്തേക്കു കൂടി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി സർക്കാർ നടപടി സ്വീകരിച്ച് വരുന്നു.

**VIII) നിലവിലെ മത്സ്യബന്ധന തുറമുഖ നവീകരണവും പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവും**

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/ GoK, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും CWPRS ന്റെ പഠന റിപ്പോർട്ടിനനുസരണമായി ഗുണഭോക്താക്കളുമായി ചർച്ച നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**IX) സീഫുഡ് പാർക്ക്**

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം മാറ്റി വച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ